"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എല്ലാ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ വിതരണം ഡി.ബി.റ്റി മോഡ് വഴി അനുവദിക്കുന്നത് തത്വത്തിൽ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.84/2026/FIN തീയതി,തിരുവനന്തപുരം, 27-07-2026

പരാമർശം:-
1. സ.ഉ.(എം.എസ്) നം.324/2016/ധന, തീയതി : 15.08.2016
2. സ.ഉ.(എം.എസ്) നം.133/2022/ധന, തീയതി : 29.07.2022
3. കെ.എസ്.എസ്.പി.എൽ നിന്നുള്ള 18.02.2026 തീയതിയിലെ KSSPL/FIN/20/2023-ASST നമ്പർ കത്ത്.
4. കെ.എസ്.എസ്.പി.എൽ നിന്നുള്ള 25.05.2026 തീയതിയിലെ KSSPL/FIN/03/2024-ASST നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ / മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിൻ്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. വിതരണം ചെയ്യാത്ത പെൻഷൻ തുക തിരികെ അടവാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രതിമാസ പെൻഷൻ വിതരണത്തിനുശേഷം വിതരണം ചെയ്യാതെ അവശേഷിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചടക്കേണ്ടതാണെന്നും, തുക സംബന്ധിച്ച ഡാറ്റാ എൻട്രി നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നും, അല്ലാത്ത പക്ഷം തുകയ്ക്ക് പലിശ കൂടി ഈടാക്കി അടുത്ത മാസത്തെ ഇൻസെന്റീവിൽ കുറവ് വരുത്തുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രതിമാസ പെൻഷൻ വിതരണത്തിനു ശേഷം ആയതിൻ്റെ ഡാറ്റ എൻട്രി നടത്തുന്നതിനു പത്ത് ദിവസത്തേയ്ക്ക് സൊസൈറ്റികൾക്ക് സേവന പോർട്ടൽ ഓപ്പൺ ചെയ്തു നൽകാറുണ്ടെങ്കിലും പല സൊസൈറ്റികളും തിരിച്ചടവ് വിവരം നിശ്ചിത സമയപരിധിയ്ക്കുള്ളിൽ രേഖപ്പെടുത്താറില്ലെന്നു കെ.എസ്.എസ്.പി.എൽ നിരവധി തവണ സർക്കാരിനെ അറിയിക്കുകയുണ്ടായി.

വിതരണം ചെയ്യാതെ ശേഷിക്കുന്ന പെൻഷൻ തുകകൾ സമയബന്ധിതമായി തിരിച്ചടയ്ക്കുന്നതിലുള്ള കാലതാമസം, സേവന പോർട്ടലിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാസമയം നടത്തുന്നതിലെ വീഴ്ച, അതുവഴി ഉണ്ടാകുന്ന Reconciliation സംബന്ധമായ ബുദ്ധിമുട്ടുകൾ, ആധാർ അധിഷ്ഠിത പെൻഷൻ വിതരണം പൂർണമായി നടപ്പിലാക്കാത്തതിനാൽ അർഹതയില്ലാത്തവർക്കും ഒരേ വ്യക്തിക്ക് ഒന്നിലധികം തവണയും പെൻഷൻ വിതരണം

ചെയ്യപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നത്, പെൻഷൻ വീടുകളിലെത്തി വിതരണം ചെയ്യുന്നതിനായി സഹകരണ സംഘങ്ങൾക്ക് ഇൻസെൻ്റീവ് ഇനത്തിൽ വരുന്ന ചെലവ്, വീടുകളിലെത്തി പെൻഷൻ വിതരണം ചെയ്യുന്ന രീതി തുടരുന്നതിലൂടെ, Direct Benefit Transfer സംബന്ധിച്ച കേന്ദ്ര മന്ത്രാലയത്തിന്റെ നിർദേശങ്ങൾ പാലിക്കപ്പെടാത്തതിനാൽ, കേന്ദ്ര സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ സംസ്ഥാന സർക്കാരിന് നഷ്ടപ്പെടുന്ന സാഹചര്യം എന്നിവ പരിഗണിച്ച് കിടപ്പ് രോഗികൾക്കും ഒഴിവാക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്കും ഒഴിച്ച് ബാക്കിയെല്ലാ ഗുണഭോക്താക്കൾക്കും ഡി.ബി.റ്റി സിസ്റ്റം വഴിയുള്ള പെൻഷൻ വിതരണം നിർബന്ധമാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് കത്ത് ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂർണ്ണമായും കിടപ്പുരോഗികളായ ഗുണഭോക്താക്കൾ ഒഴികെയുള്ള എല്ലാ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ Direct Benefit Transfer ആയി അവരവരുടെ ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടുകൾ മുഖേന, അനുവദിക്കുന്നത് തത്ത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :
അക്കൗണ്ടൻ്റ് ജനറൽ (എ& ഇ) , കേരള, തിരുവനന്തപുരം
അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ് II ) , കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov. in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഫയൽ നം. (3523579)
SFC- B2/39/2024-FIN-Part(1) ) )

ഉത്തരവിൻ പ്രകാരം
Digitally signed by
Nirmala N
Date: 05-08-2026
15:02:23
സെക്ഷൻ ഓഫീസർ